ഉത്തരം

കൊറ്റി - കോട്ടപ്പുറം ബോട്ട് സർവ്വീസ് പറശ്ശിനിക്കടവുവരെ നീട്ടുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലവിലുണ്ട്. ടി റൂട്ടിലുള്ള ആഴം കുറഞ്ഞതും മണൽ തിട്ടകൾ നിറഞ്ഞതുമായ സുൽത്താൻതോട് പോലെയുള്ള ഭാഗങ്ങളിലൂടെയുള്ള ജല ഗതാഗതം സംബന്ധിച്ച് സാദ്ധ്യതാ പഠനങ്ങളൊന്നും നിലവിൽ നടത്തിയിട്ടില്ല.

തിരുവനന്തപുരം - കാസർഗോഡ് ജലപാത

268 (957) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് ജലപാത ഗതാഗത യോഗ്യമാക്കുവാൻ അടിയന്തര നടപടി കൈക്കൊള്ളണമെന്ന് 2011-12-ലെ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിനായി കഴിഞ്ഞ നാലു ബഡ്ജറ്റുകളിൽ ഓരോന്നിലും എന്ത് തുക നീക്കിവെച്ചിട്ടുണ്ടെന്നും ഇതിനായി ഖജനാവിൽനിന്നും എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനായി കഴിഞ്ഞ നാല് വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സാമ്പത്തിക വർഷം	ബഡ്ജറ്റ് തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1	2012-13	9000	1943.00
2	2013-14	11717	3079.07
3	2014-15	12382	3478.75
4	2015-16	13582	932.68 (up to October)

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേശീയ ജലപാതയായ കൊല്ലം - കോട്ടപ്പുറം പാതയുടെ ഇരുഭാഗങ്ങളിലുമായി ആകെ 422 കി.മീ. നീളം വരുന്ന കോവളം - കൊല്ലം, കോട്ടപ്പുറം - നീലേശ്വരം എന്നീ ജലപാതകളാണ് സംസ്ഥാന ജലപാതയായി അംഗീകരിച്ചിട്ടുള്ളത്.

കോവളം - കൊല്ലം

74.18 കി.മീ. ദൂരമുള്ള ഈ ജലപാതയിൽ വർക്കല അഞ്ചുതെങ്ങ് ഭാഗത്ത് പതിമൂന്നാം ധനകാര്യ കമ്മീഷൻ സഹായത്തോടെ 5.28 കോടി രൂപയുടെ മൂന്ന് പ്രവൃത്തികളും സംസ്ഥാന ഫണ്ടിൽ 21.69 കോടി രൂപ ഉൾപ്പെടുത്തി പതിനൊന്ന് പ്രവൃത്തികളും പല ഭാഗങ്ങളിലായി നടന്നുവരുന്നു. 2.16 കോടി രൂപയുടെ നാല് പ്രവൃത്തികൾ പൂർത്തീകരിച്ചു. ആയതിൽ കോവളം-ആക്കുളം വരെയുള്ള പാർവ്വതീപുത്തനാറിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നാറ്റ്പാക്ക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതിക അനുമതിക്കായുള്ള പ്രവൃത്തികൾ നടന്നുവരുന്നു. വടയറ മുതൽ ഇരവിപുരം കായൽ വരെയുള്ള പതിനൊന്ന് കി.മീ. ദൂരം ഗതാഗതയോഗ്യമാണ്. ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെയുള്ള 7.86 കി.മീ. ദൂരമുള്ള കൊല്ലം തോടിന്റെ രണ്ട് കി. മീ. ഭാഗത്തെ ആഴം കൂട്ടൽ പൂർത്തിയായിട്ടുണ്ട്. 3.50 കി.മീ. ഭാഗത്തെ 9.20 കോടി രൂപയുടെ ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. ബാക്കി ഭാഗത്തെ പ്രവൃത്തികൾക്കായുള്ള ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാർ പരിശോധിച്ചുവരുന്നു.

കോട്ടപ്പുറം - നീലേശ്വരം

കോട്ടപ്പുറം - വടകര:- കോട്ടപ്പുറം - വടകര വരെയുള്ള ഭാഗത്ത് പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂന്ന് പ്രവൃത്തികളിൽ രണ്ട് പ്രവൃത്തികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 5.01 കോടി രൂപയുടെ ഒരു പ്രവൃത്തി പൂർത്തിയായിവരുന്നു. സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി 4.33 കോടി രൂപയുടെ മറ്റൊരു പ്രവൃത്തിയും നടത്തിവരുന്നു. നബാർഡ് RIDF-ൽ ഉൾപ്പെടുത്തി ഇ. കെ. കനാലിന്റെ 85 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നബാർഡ് RIDF-ൽ ഉൾപ്പെടുത്തി ബി.കെ. കനാലിൽ 11.875 കോടി രൂപയുടെ രണ്ട് പ്രവൃത്തികളും നടന്നുവരുന്നു. ഈ ഭാഗത്ത് പാത, ദേശീയ ജലപാത നിലവാരം കൈവരിക്കുന്നതിനായുള്ള വിശദമായ പഠന റിപ്പോർട്ട് നാറ്റ്പാക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

വടകര – നീലേശ്വരം :- വടകര – നീലേശ്വരം ഭാഗത്തെ 17.61 കി. മീ. നീളമുള്ള വടകര – മാഹി കനാലിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 116 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. ഇവ കൂടാതെ സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി ആറ് പാലങ്ങളും 50 നടപ്പാലങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

മാഹി – വളപട്ടണം:- കനാലിന്റെ പ്രാഥമിക പര്യവേഷണം പൂർത്തിയാക്കി അലൈൻമെന്റ് അംഗീകരിക്കുകയും വിശദമായ പര്യവേഷണ നടപടികൾ ദേശീയ ജലപാത അടിസ്ഥാനത്തിൽ നടന്നുവരികയും ചെയ്യുന്നു.

വളപട്ടണം മുതൽ കൊറ്റി വരെയും കൊറ്റി മുതൽ നീലേശ്വരം വരെയുമുള്ള 65 കി.മീ. ജലപാത സംസ്ഥാന ജലപാത മാനദണ്ഡമനുസരിച്ച് ഗതാഗതയോഗ്യമാണ്.

കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരുന്നു.

വിവിധ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഫലമായി 422 കി.മീ. നീളം വരുന്ന സംസ്ഥാന ജലപാതയുടെ പല ഭാഗങ്ങളിലായി ഏകദേശം 150 കി.മീ. ദൂരം ഗതാഗതയോഗ്യമാണ്. 82 കി.മീ. ദൂരത്തോളം പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 190 കി.മീ. ഭാഗങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തേണ്ടതായിട്ടുണ്ട്.

സ്കൂൾ പാചകത്തൊഴിലാളികളുടെ വേതന വർദ്ധനവ്

269 (958) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം 400 രൂപയായി വർദ്ധിപ്പിച്ചിട്ടും അത് നടപ്പാക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly